**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **07-12-2022 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തീരുമാനം എടുത്തിരുന്നതെന്നും പ്രസ്തുത തീരുമാനത്തിന് ഗവൺമെന്റ് അനുമതി നൽകിയിരുന്നോയെന്നും ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയതെന്നും അറിയിക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01.01.2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിനുള്ള ശമ്പള പരിഷ്കരണ പ്രപ്പോസൽ, മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനം നമ്പർ 51 തീയതി 23.07.2019 പ്രകാരം അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു . പ്രസ്തുത ശുപാർശ പരിശോധിച്ച് GO(MS) No.57/2021 തീയതി 12/02/2021 പ്രകാരം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01/01/2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. |
| (ബി) | ശമ്പള പരിഷ്കരണ തീരുമാനമനുസരിച്ച് ജീവനക്കാർക്ക് പുതുക്കിയ ശമ്പളം നൽകി തുടങ്ങിയോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ; ജീവനക്കാർക്ക് പുതുക്കിയ ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് GO(MS)No.57/2021 തീയതി 12/02/2021 ലെ അനോമലികൾ പരിഹരിച്ച് ബോർഡ് നേരിട്ട് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 13/07/2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്ത് തീരുമാനം 1 (4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ<br><br>പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു . ആയത് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ